# അമേരിക്കൻ മലയാള സാഹിത്യം
## (ഇന്നലെ, ഇന്നു, നാളെ)

സുധീർ പണിക്കവീട്ടിൽ

(Protected by copyright Law)

മനുഷ്യവർഗ്ഗത്തിന് ഇന്നു വരെയുള്ള സമ്പാദ്യങ്ങളിൽ ഏറ്റവും വിലയേറിയത് സാഹിത്യമാണെന്ന് മഹാകവി കുമാരനാശാൻ പറഞ്ഞതു ഓർമ്മ വരുന്നു. ആശാൻ പറഞ്ഞപോലെ നമ്മുടെ സാഹിത്യസമ്പത്തിന്റെ, അതായത് അമേരിക്കൻ മലയാള സാഹിത്യസമ്പത്തിന്റെ കണക്കുകൾ ഒന്നു പരിശോധിച്ചുനോക്കാം. ഇതു അമേരിക്കൻ മലയാളസാഹിത്യത്തെകുറിച്ചുള്ള സമഗ്രമായ ഒരു പഠനമോ, നിരൂപണമോ ആണെന്ന് അവകാശപെടുന്നില്ല. അമേരിക്കൻ മലയാള സാഹിത്യത്തെകുറിച്ചു സമഗ്രമായ ഒരു പഠനമോ, പ്രബന്ധമോ ഇതിനുമുമ്പു ആരെങ്കിലും തയ്യാറാക്കിയതായി രേഖകൾ കാണുന്നില്ല. (ശ്രീ വാസുദേവ് പുളിക്കൽ ഈ വിഷയം ഭാഗികമായി പ്രതിഫലിക്കുന്ന ഒരു ഹ്രുസ്വലേഖനം കൈരളിയിൽ പ്രസിദ്ധീകരിച്ചത് വിസ്മരിക്കുന്നില്ല) അതുകൊണ്ടിതു ഒരു കന്നി സംരംഭമാണു. തന്മൂലം അപാകതകളും, അപൂർണ്ണതകളും തീർച്ചയായും ഇതിന്റെ ഉള്ളടക്കത്തെ ബാധിച്ചിട്ടുണ്ടെന്നു ഈ ലേഖകൻ അറിയുന്നു. ചരിത്രം എപ്പോഴും പൂർണ്ണവും, സത്യവുമായിരിക്കണമെന്നില്ലല്ലോ. എന്നാൽ ഇതിൽ പറയുന്നതു ഗവേഷണ വിധേയമായ വസ്തുതകളല്ലെങ്കിലും അനുമാനങ്ങളല്ല. ഓർമ്മയിൽ നിന്നും പരിമിതമായ രേഖകളിൽ നിന്നു കണ്ടെടുത്തതും, ഇവിടത്തെ മലയാളം പ്രസിദ്ധീകരണങ്ങളിൽ നിന്നും, സുഹൃദ്സംഭാഷണങ്ങളിൽ നിന്നും ലഭ്യമായതും ചേർത്തു വച്ചു തീർത്തതാണീ ലേഖനം. വായനക്കാർ തെറ്റു കുറ്റങ്ങൾ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിലായി ഇപ്പോൾ അമേരിക്കൻ മലയാള സാഹിത്യമെന്ന ശാഖ വളരുകയും വികാസം പ്രാപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ദിനം പ്രതി നിരവധി എഴുത്തുകാർ പ്രത്യക്ഷപെടുന്ന തിരക്കേറിയ ഒരു വേദിയാണു അമേരിക്കൻ മലയാള സാഹിത്യം. "പടുപാട്ടൊന്നു പാടാത്ത കഴുതയില്ലെന്ന" ചൊല്ലിനെ ഒരു വരിയെഴുതാത്ത അമേരിക്കൻ മലയാളിയില്ലെന്ന് ആർക്കും നിസ്സങ്കോചം മാറ്റി പറയാവുന്നതാണ്. എന്നാൽ സർഗ്ഗവേദനയുടെ ഈറ്റില്ലത്തിൽ ഭൂരിഭാഗവും പുതിയ കലാസ്രുഷ്ടികൾക്കു ജന്മം കൊടുക്കുമ്പോൾ അവരെ ശ്രദ്ധിക്കാൻ ഇവിടെ സഹ്രുദയരായ വായനക്കാരില്ലെന്നുള്ളതു ഖേദകരവും ലജ്ജാകരവുമാണ്. അമേരിക്കൻ മലയാള സാഹിത്യം വൈവിദ്ധ്യമാർന്ന രചനകളാൽ സമ്രുദ്ധമായിട്ടും ഇന്നും അർഹിക്കുന്ന അംഗീകാരം കിട്ടാത്തത് പ്രബുദ്ധരായ വായനക്കാരുടെ കുറവു കൊണ്ടു കൂടിയാണെന്നു പ്രത്യേകം ഓർക്കേണ്ടതുണ്ടു. വായന ക്കാരെക്കാൾ എഴുത്തു കാരാണിവിടെ കൂടുതൽ എന്ന് ഒരു രസികൻ തട്ടിവിട്ടതിൽ പരമാർഥമുണ്ടെന്നുള്ളതു അമേരിക്കൻ മലയാളികളെ സംബന്ധി ച്ചേടത്തോളം

ഭൂഷണമല്ല. നല്ല കഥ സംഭവിക്കുന്നതു ആസ്വാദക മനസ്സുകളിലാണ്. ആസ്വാദന ശേഷിയില്ലാത്ത ഒരു സമൂഹത്തിനു എത്ര ഉൽക്രൂഷ്ടമായ രചനകൾ കിട്ടിയാലും പ്രയോജനമില്ല. ‘‘എല്ലാവരും എഴുത്തുകാരായാൽ രാഷ്ട്രം ഇരപ്പാളിയാകുമെന്നു’’ കൈനിക്കര കുമാരപിള്ള അഭിപ്രായപ്പെട്ടിട്ടുള്ളതും ശരി തന്നെ. യഥാർത്ഥ കലാകാരനു സമൂഹത്തോടു ചില കടമകളും കടപ്പാടുകളുമുണ്ട്. കല ജീവിതത്തിൻെറ നന്മക്കു വേണ്ടി നില കൊള്ളുകയും വേണം. എന്നാൽ എഴുതുന്നതു മുഴുവൻ സാഹിത്യമായിരിക്കണമെന്നില്ല. എഴുതുന്നവർ എല്ലാവരും സാഹിത്യകാരന്മാരാകണമെന്നില്ല.

മലയാള സാഹിത്യത്തിനു ആയിരത്തിചില്ല്വാനം കൊല്ലങ്ങളുടെ പഴക്കമേയുള്ളുവെന്നു ഈ ലേഖകൻ എവിടെയോ വായിക്കുകയുണ്ടായി. ഈ സഹസ്രാബ്ദ്ത്തിനിടയിൽ മലയാള സാഹിത്യം വളരെ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. വടക്കൻ പാട്ടുകളും, മണിപ്രവാള കവിതകളും, ഭാഷാ ചമ്പുക്കളും, സന്ദേശകാവ്യങ്ങളും ചെറുശ്ശേരിയുടെ ക്രിഷ്ണഗാഥയും, വഞ്ചിപാട്ടുകളും കഴിഞ്ഞു തുഞ്ചത്തു എഴുത്ത്ഛൻെറ അദ്ധ്യാത്മ രാമായണവും, പൂന്താനത്തിൻെറ ജ്ഞാനപ്പാനയും,ആട്ടകഥകളും, ഓട്ടംതുള്ളലും, വെണ്മണിയുടെ ശ്രുംഗാരപ്രധാനമായ രചനകളും പിന്നിട്ടു, കാൽപ്പനിക കവിതകളുടേയും, ഭാവഗീതങ്ങളുടേയും, ചരിത്രാ ഖ്യായികളുടേയും,നോവൽ, ചെറുകഥ തുടങ്ങി രചനയുടെ വിവിധ കലാരൂപങ്ങളിലൂടെ അനുദിനം കടന്നുവന്നിട്ടാണു ഇന്നത്തെ രൂപം പ്രാപിച്ചത്.

അമേരിക്കൻ മലയാള സാഹിത്യത്തിൻെറ ചരിത്രവും മലയാളികളുടെ ഇങ്ങോട്ടുള്ള കുടിയേറ്റത്തോടെ ആരംഭിച്ച് അനവധി കടമ്പകളിലൂടെ കടന്ന് ഇന്നത്തെ അവസ്ഥയിൽ എത്തിയതാണെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കുടിയേറ്റ തൽപ്പരനായ മലയാളി ചെന്നെത്തിയ സ്ഥലങ്ങളിലെല്ലാം അവൻെറ മാത്രുഭാഷയെ പരിപോഷിപ്പിക്കാൻ ശ്രമിച്ചിരുന്ന്തായി നാം മനസ്സിലാക്കുന്നു. മാത്രുഭാഷയോടുള്ള അതിരറ്റ സ്നേഹവും ബഹുമാനവും കൊണ്ടായിരിക്കണം മലയാളി ഏതു നാട്ടിലായാലും തൻെറ വ്യക്തിത്വം കാത്തു സൂക്ഷിക്കുന്നതു. അമേരിക്കൻ പൗരത്വം സ്വീകരിക്കുന്നതു ഭൗതികമായ നേട്ടത്തിനു മാത്രമാണെന്നു മൗനമായി സമ്മതിക്കുന്ന മലയാളി തുമ്പയും, തുളസിയും, ഓണനിലാവും, മകരമഞ്ഞും , ആമ്പൽപൂക്കളും, നാടൻ പാട്ടുകളും, നാടോടി കഥകളും നിറഞ്ഞു നിൽക്കുന്ന ജന്മനാട്ടിലേക്കു കാതോർത്തുകൊണ്ടിരിക്കയാണ്. ഈ ഗ്രഹാതുരത്വത്തിൻെറ സ്വാധീനം അവരുടെ രചനകളിലുടനീളം പ്രതിഫലിക്കുന്നുണ്ടു. ഇതര രാജ്യങ്ങളിൽ നിന്നും വന്നവരേക്കാൾ വ്യത്യസ്ഥമായി മലയാളിയുടെ അമേരിക്ക യിലേക്കുള്ള കുടിയേറ്റം സുഗമവും, പ്രയാസരഹിതവുമായിരുന്നിരിക്കണം. വർണ്ണ വിവേചനത്തിൻേറയും, അവഗണനയുടേയും മറ്റും കഷ്ടതകൾ ഇവർ അറിഞ്ഞില്ല. തന്മൂലം സമ്പന്നതയുടെ നടുവിലിരുന്നു ജന്മനാടിൻെറ ഗ്രാമീണ ഭംഗിയിലേക്കും, അവിടെ കൗമാര യൗവ്വന കാല സ്വപ്നങ്ങളിൽ താലോലിക്കുകയും, നഷ്ടപ്പെടുകയും ചെയ്ത സ്വകാര്യ ലോകങ്ങളിലേക്കു ഓർമ്മകൾ അലയാൻ വിട്ടു അതിൽ നിന്നുളവാകുന്ന അനുഭൂതിയിൽ എഴുത്തുകാർ കുത്തികുറിക്കാൻ തുടങ്ങി. കറുത്ത വർഗ്ഗകാരുടേയും, മറ്റു രാജ്യങ്ങളിൽ നിന്നും കുടിയേറി പാർത്തവരുടേയും

സാഹിത്യത്തിൽ കാണുന്ന വിഷയങ്ങൾ മലയാളി എഴുത്തുകാരുടെ ആദ്യകാല രചനകളിലുണ്ടായില്ല. ഇപ്പോഴും ആ സ്ഥിതിക്കു വലിയ മാറ്റമില്ല. ഗ്രഹാതുരത്വത്തിൻെറ നൊമ്പരവുമായി കഴിയുന്ന മലയാളി സമൂഹത്തിൻെറ സ്രുഷ്ടികൾ നാട്ടിലെ രചനകളുടെ ഒരു വിദേശപതിപ്പായിട്ടാണു കാണുന്നത്. അനവധി സംസ്കാരങ്ങളുടെ മതിൽ കെട്ടുകൾക്കുള്ളിൽ സ്വന്തം സംസ്കാരത്തിൻെറ മതിൽ കെട്ടി അതിൽ ഒതുങ്ങി കൂടാൻ ആഗ്രഹിക്കുന്ന ഒരു സമൂഹത്തിനു പ്രവാസ ജീവിതത്തിൽ മറ്റു രാഷ്ട്രക്കാരിൽ നിന്നും വ്യത്യസ്തമായ വീക്ഷണങ്ങളും, അനുഭവങ്ങളുമാണുള്ളത്..

അതു കൊണ്ടവർ ജന്മനാട്ടിലെ വിശേഷദിനങ്ങളിൽ ഒത്തുകൂടാനും നാടൻ കലാരൂപങ്ങൾ പ്രദർശിപ്പിച്ചും, പ്രകടിപ്പിച്ചും ആനന്ദിക്കാനും തുടങ്ങി. അങ്ങനെ നാടിൻെറ ഒരു കൊച്ചു ശിഖരം പ്രവാസ മണ്ണിൽ പൊടിക്കാൻ തുടങ്ങി. അത്തരം വാർഷികാ ഘോഷങ്ങളുടെ ഓർമ്മക്കായി അവർ സുവനീറുകൾ പുറത്തിറക്കി. എഴുത്തു ഗൗരവമായ സർഗ്ഗ സ്രുഷ്ടിയാണെന്നു പൂർണ്ണമായി മനസ്സിലാക്കാതെ പലരും സുവനീറിൻെറ പേജുകൾ നിറച്ചു. അതിൽ കഥ, കവിത ലേഖനങ്ങൾ നർമ്മം മുതലായ വ്യത്യസ്ത രചനകൾ ഉണ്ടായിരുന്നു. അമേരിക്കൻ മലയാള സാഹിത്യം ആദ്യമായി പ്രത്യക്ഷപ്പെടുന്നതു സുവനീറുകളിൽ കൂടി യാണെന്നാണ് ഈ ലേഖകനു കണ്ടെത്താൻ കഴിഞ്ഞ പരിമിതമായ രേഖകളിൽ നിന്നും മനസ്സിലാകുന്നത് ക്രമമായി പ്രകാശനം ചെയ്യുന്ന പ്രസിദ്ധീക രണങ്ങളുടെ കുറവ് അന്നത്തെ ഉത്സാഹഭരിതരായ എഴുത്തുകാരെ ക്ലേശിപ്പിച്ചു കാണണം. അതു കൊണ്ടവർ സുവനീറുകൾക്കു വേണ്ടി കാത്തിരുന്നു. മലയാളത്തിലുള്ള അച്ചടി അന്നു ഇവിടത്തെ മലയാളികൾക്കു ബാലി കേറാമലയായിരുന്നു. പല പ്രസിദ്ധീകരണങ്ങളും നാട്ടിലെ പ്രസിദ്ധീകരണങ്ങളിൽ നിന്നും വെട്ടി ഒട്ടിച്ചു കോപ്പിയെടുക്കുക സാധാരണയായിരുന്നു. അച്ചടിയുടെ അഭാവം പരിഹരിക്കാൻ ചിലർ കയ്യെഴുത്തുമാസികകൾ അന്നു പുറത്തിറക്കി. എഴുത്തുകാർ അല്ലെങ്കിൽ എഴുത്തുകാരുടെ സംഘടന എന്ന ഒരാശയത്തെക്കാൾ മലയാള ഭാഷയെ വളർത്തുകയെന്ന മഹത്തായ ഉദ്ദേശ്യത്തോടെ അവർ ഒത്തൊരുമിച്ചു പ്രവർത്തിച്ചു. അതിൻെറ ഭാഗമായി അമേരിക്കൻ മലയാളസാഹിത്യമെന്ന വേർ തിരിവില്ലാതെ തന്നെ സാഹിത്യ പ്രസ്ഥാനം ഇവിടെ വളർന്നു.

പത്രപ്രവർത്തന രംഗത്തും, സാഹിത്യരംഗത്തും പ്രശസ്തി നേടിയ വിശിഷ്ട വ്യക്തികൾ അന്നു അമേരിക്കൻ മലയാളി സമൂഹത്തിലുണ്ടായിരുന്നു. അവരിൽ പ്രമുഖരായ ഡോക്ടർ തോമസ് മുളക്കൽ, ഡോക്ടർ എ.കെ.ബി.പിള്ള, ശ്രീ ജോയൻ കുമരകം തുടങ്ങിയ മഹാന്മാർ അമേരിക്കൻ മലയാള സാഹിത്യത്തിൻെറ വളർച്ചക്കു വേണ്ടി സേവനമനുഷ്ഠിച്ചവരാണു. അക്കാലത്തു തന്നെ മലയാള കവിതക്കു പുതു ലാവണ്യം പകർന്ന കവി ശ്രീ ചെറിയാൻ കെ.ചെറിയാനും ഇവിടെയുണ്ടായിരുന്നു. അദ്ദേഹം അമേരിക്കൻ മലയാള സാഹിത്യത്തിനു വേണ്ടി ഒന്നും ചെയ്തില്ലെന്ന് മാത്രമല്ല ഇവിടത്തെ എഴുത്തുകാരെ അവഹേളിക്കയും അവർക്കെതിരായി പ്രവർത്തിക്കുകയും ചെയ്തുവെന്നത് ഖേദകരവും ലജ്ജവഹുമാണു..

പ്രശസ്ത ബാലസാഹിത്യകാരനായ ശ്രീ ജോയൻ കുമരകവും സുഹ്രുത്തുക്കളും ചേർന്ന് വെടിവട്ടം എന്നൊരു സാഹിത്യസംഘടനക്കു അന്നു രൂപം കൊടുത്തിരുന്നു. അതു പിന്നീട് "കലാസാഹിതി" എന്ന പേരിൽ പിൽക്കാല ത്തറിയപ്പെടുകയും അതിൻെറ ആഭിമുഖ്യത്തിൽ സാഹിത്യ ചർച്ചകളും, നാട്ടിലെ പ്രമുഖ സാഹിത്യകാരന്മാർക്കും മറ്റു കലാകാർന്മാർക്കും സ്വീകരണങ്ങൾ മുതലായവ സംഘടിപ്പിക്കുകയും ചെയ്തെങ്കിലും ക്രമേണ പ്രവർത്തനരഹിതമായി.. സഹ്രുദയരായ ഒരു സംഘം ഭാഷാപ്രേമികളുടെ കൂട്ടായ ശ്രമം കൊണ്ടു അനവധി പ്രസിദ്ധീകരണങ്ങൾ അന്നു തുടങ്ങുകയുണ്ടായെങ്കിലും അവയെല്ലാം കാലയവനികക്കുള്ളിൽ മറഞ്ഞു പോയി എന്നതു ഒരു ദുഃഖസത്യം ആണു. ശ്രീ ജോർജ് മരങ്ങോലിയുടെ പത്രാധിപത്യത്തിൻ കീഴിൽ നൂയോർക്കിൽ നിന്നും "പ്രഭാതം" എന്ന ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്നതു കുറെക്കാലം ഉദിച്ചു നിന്നതിനുശേഷം അസ്തമിച്ചുപോയി അതിനുശേഷം "തറവാടു" എന്ന് മാസിക ശ്രീ തോട്ടവും കേരള ഡൈജെസ്റ്റ് എന്ന മാസിക ശ്രീ വർഗീസ് ചാണ്ഡിയും തുടങ്ങിയെങ്കിലും കുറച്ചു നാൾ പ്രചാരത്തിലിരുന്ന ശേഷം ആ പ്രസിദ്ധീകരണങ്ങളും നിന്നുപോയി..

എന്നാൽ ഭാഷസ്നേഹികളുടെ ആവേശത്തിനു കുറവുണ്ടായില്ല. മലയാള ഭാഷയുടെ കുളമ്പടി ശബ്ദം കേൾപ്പിച്ചുകൊണ്ടു അവർ 'അശ്വമേധം" എന്ന പ്രസിദ്ധീകരണത്തിനു ജന്മം കൊടുത്തു. പ്രസീദ്ധീകരണങ്ങൾ തോളിലേന്തി വീടു വീടാന്തരം എത്തിച്ചു കൊടുത്തിരുന്നവരുടെ ഉത്സാഹവും, ആൽമാർഥതയും താരതമ്യപെടുത്തുമ്പോൾ ഇന്നത്തെ മലയാളി സമൂഹത്തിൻെറ ഭാഷയോടുള്ള ഭക്തിയും സ്നേഹവും തുലോം കുറവാണു. അശ്വമേധം ശ്രീ രാജൻ മാരേറ്റിൻെറ പ്രഗൽഭ പത്രാധിപത്യത്തിൽ തുടങ്ങി പിന്നീടു അനുഗ്രഹീത എഴുത്തുകാരനായ ശ്രീ രാജു മൈലാപ്രയുടെ കരങ്ങളിൽ കുറെക്കാലം സുരക്ഷിതമായിരുന്നെങ്കിലും ക്രമേണ ആ പ്രസിദ്ധീകരണവും നിന്നുപോയി. ഇക്കാലത്തു തന്നെ ബ്രോൺങ്ക്സിൽ നിന്നും പ്രശസ്ത എഴുത്തുകാരനായ ശ്രീ മധു നായർ കേസരി എന്ന മാസിക പ്രസിദ്ധീകരണം തുടങ്ങി. റീഡേഴ്സ് ഡൈജെസ്റ്റ് പോലെ ഉൽക്ര്ഷ്ട ക്രുതികളുടെ പുനഃപ്രസിദ്ധീകരണമായിരുന്നു ഈ മാസികയുടേയും രീതി. പ്രസിദ്ധീകരണ രംഗത്തു പിടിച്ചു നിൽക്കാനാവാതെ ഇതും സ്തംബിച്ചു പോയി. എൺപതുകളുടെ ആദ്യം പ്രഗത്ഭ പത്രപ്രവർത്തകനായ ശ്രീ ജോസ് തയ്യിൽ ആരംഭിച്ച കൈരളി എന്ന പ്രസിദ്ധീകരണം മാത്രം ഇന്നും രംഗത്തുണ്ടെന്നുള്ളതു ഇവിടത്തെ സാഹചര്യത്തിൽ ഒരത്ഭുതമാണ്. ആ കാലഘട്ടത്തിൽ തന്നെ വെസ്റ്റ്ചെസ്റ്ററിൽ നിന്നും നാദം എന്ന മാസിക പ്രസിദ്ധീകരിച്ചിരുന്നു. പൂർവ്വഗാമികളെ പോലെ ഇതും കാലയവനികക്കുള്ളിൽ മറഞ്ഞ്പോയി. യശ്ശഃശരീരനായ ശ്രീ ചാക്കോ ശങ്കരത്തിലിൻെറ പത്രാധിപത്യത്തിൽ രജനി എന്ന മാസിക ഫിലാഡെൽഫിയയിൽ നിന്നും ഇക്കാലത്തു പ്രസിദ്ധീകരിച്ചിരുന്നു. മലയാളത്തിലെ മുഖ്യധാര സാഹിത്യത്തിലേക്കു ഈ പ്രസിദ്ധീകരണം ഇവിടത്തെ എഴുത്തുകാരെ കൊണ്ടുവന്നുവെന്നതു ഇതിൻെറ നേട്ടമായി കണക്കാക്കാമെങ്കിലും ഇതും നില നിന്നില്ല.

സാഹിത്യപ്രസ്ഥാനങ്ങളുടെ പട്ടികയിലേക്കു ഇൻറർനാഷണൽ മലയാളം ഫൗണ്ടേഷൻ എന്ന ഒരു സംഘടന സർവ്വശ്രീ മധു നായർ, പനമ്പിൽ ദിവാകരൻ, ബാബു രാജൻ, ആൻഡ്രു പാപ്പച്ചൻ മുതലായവർ ചേർന്നു രൂപികരിക്കുകയുണ്ടായെങ്കിലും പ്രവർത്തനരംഗത്തു നിന്നും ഈ പ്രസ്ഥാനവും അപ്രത്യക്ഷമായി. അമേരിക്കൻ മലയാളികളിൽ എഴുത്തുകാരൻ എന്ന പ്രസിദ്ധി അന്നെ നേടിയ ശ്രീ രാജു മൈലാപ്രയുടേയും ആധുനിക കവിത പ്രസ്ഥാനത്തിലെ അംഗമായ ശ്രീ ചെറിയാൻ കെ. ചെറിയാൻേറയും സർഗ്ഗസ്രുഷ്ടികൾ പുസ്തകരൂപത്തിൽ പ്രസിദ്ധീ കരിച്ചുകൊണ്ടു ശ്രീ ജോയൻ കുമരകം ജൊബോട്ടു ഇൻെറർനാഷണൽ എന്ന പുസ്തക പ്രസാധന ശാല ആരംഭിക്കുകയും കുറെ പേരുടെ കൂടെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു നാമാവശേഷമാകയും ചെയ്തു. മതപരവും, സാംസ്കാരികവുമായ ആഘോഷങ്ങളുടെ ആഭി മുഖ്യത്തിൽ ധാരാളം സുവനീറുകളും അതിൽ നിറയെ എഴുത്തുകാരുടെ രചനകളും അന്നും ഇന്നും പ്രസിദ്ധീ കരിക്കപ്പെടുന്നുണ്ട്. അവയിൽ ക്രമമായി പ്രകാശനം തുടരുന്നതു കാത്തലിക്ക് വോയ്സ്സും, ഗുരുദർശനവുമാണെന്നു കരുതുന്നു. മതത്തിൻെറ ആഭിമുഖ്യത്തിലാണെങ്കിലും ഇതിൻെറ അണിയറ ശിൽപ്പികൾ ഭാഷ സ്നേഹികളായത് കൊണ്ടാണീ പ്രസിദ്ധീകരണങ്ങൾ നിർവിഘ്നം തുടരുന്നതു എന്നു വ്യക്തമാണു.അക്ഷരങ്ങളുടെ നഗരി എന്ന പേരിലറിയപെടുകയും, അതിനോടു നീതി പുലർത്തുകയും ചെയ്യുന്ന വെസ്റ്റ്ചെസ്റ്ററിൽ നിന്നും അവിടത്തെ മലയാളി സമാജത്തിൻെറ ആഭിമുഖ്യത്തിൽ ഡോക്ടർ തോമസ് പാലക്കലിൻെറ പത്രാധിപത്യത്തിൽ "കേരള ദർശനം" എന്ന ഒരു മാസിക വിജയകരമായി പ്രസിദ്ധീ കരിച്ചിരുന്നു. പിന്നീട് അനുഗ്രഹീത എഴുത്തുകാരനും, പ്രഗത്ഭ സംഘാടകനുമായ ശ്രീ എ.സി. ജോർജിൻെറ നേത്രുത്വത്തിലും ഇതു തുടരുകയുണ്ടായി. അമേരിക്കൻ മലയാളി എഴുത്തുകാരുടെ നവീനവും, ചിന്താദ്യോദകവുമായ രചനകൾ ഉൾകൊള്ളിച്ചുകൊണ്ടു ഒരു വർഷത്തോളം പ്രസ്തുത പ്രസിദ്ധീകരണം ക്രമമായി പുറത്തു വന്നെങ്കിലും ആ പ്രസിദ്ധീകരണവും ഇപ്പോൾ ത്രൈമാസിക എന്ന സ്ഥിതിയിലേക്കു ചുരുങ്ങുകയുണ്ടായി. വരിക്കാരേക്കാൾ പരസ്യക്കാരാണു പ്രസിദ്ധീകരണങ്ങളെ നില നിർത്തുന്നതു എന്ന വാസ്ഥവം എന്തിനെ സൂചിപ്പിക്കുന്നു?

പല ഭാഷസ്നേഹികളും അന്നു കേരള സമാജം പോലുള്ള സംഘട്നകൾക്കു ജന്മ നൽകി നമ്മുടെ കലയും സംസ്കാരവും ഇവിടെ തുടരാനും നിലനിർത്താനും യത്നിച്ചു. മലയാളം സ്കൂളുകൾ എന്ന ആശയം ജന്മമെടുത്തതു ഇത്തരം സംഘടനകളിലെ ഭാര വാഹികളിലൂടെയാണ് . സാഹിത്യ വേദികളും, സാഹിത്യ്ചർച്ചകളും, കവിയരങ്ങുകളും അന്നുള്ളവർ സംഘടിപ്പിച്ചതിൻെറ തുടർച്ച യെന്നൊണം അമേരിക്കൻ മലയാള പ്രസ്ഥാനം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. അന്നത്തെ രചനകൾ പരിശോധിക്കുമ്പോൾ അവയെല്ലാം മദ്ധ്യകാല മലയാള കലസ്രുഷ്ടികളുടെ സ്വാധീനത്തിൽ പെടുന്നതായി കാണുന്നു. കാരണം എഴുത്തുക്കാർ പല തട്ടുകളിലായി സ്ഥിതിചെയ്തിരുന്നവരായിരുന്നു. ഓരോരുത്തരും നാടു വിട്ട കാലത്തിൻെറ വ്യ്ത്യാസങ്ങൾ അവരുടെ രചനകളിൽ നിറഞ്ഞു നിന്നു. അവരുടെ സങ്കൽപ്പങ്ങളിൽ ഒരു കാലഘട്ടം ( അതായ്ത് അവർ നാട്ടിൽ കഴിഞ്ഞ കാലം) എപ്പോഴും തെളിഞ്ഞു നിന്നു. അതു കൊണ്ടു രചനകൾ

പുറകോട്ടു സഞ്ചരിച്ചു. ഇതു ഒരു ന്യൂനതയല്ലെങ്കിലും പുതുമകളുടെ പരീക്ഷണത്തിനു ശ്രമിക്കാൻ അത്തരം കാലഘട്ടത്തിന്‍റെ അമിത സ്വാധീനമുള്ളവർക്കു പ്രയാസമാ ണ്.

അന്നും ഇന്നും എഴുത്തുകാർ കാൽപ്പനിക തയേക്കാൾ യാഥാർത്ഥ്യങ്ങൾ ആവിഷ്കരി ക്കുന്നതിൽ ശ്രദ്ധ പതിപ്പി ക്കുന്നതായി കാണുന്നുണ്ട്.. ഇതു ഒരു മേന്മയായി നിരൂപകർ വിലയിരുത്തുമെങ്കിലും എഴുത്തുകാർ യാഥാർഥ്യങ്ങളെ അപ്പടി ആവിഷ്കരിച്ചപ്പോൾ രചനകളുടെ കലാമേന്മ നഷ്ടപ്പെട്ടുപോയി. പലരും സ്വന്തം അനുഭങ്ങൾ അല്ലെങ്കിൽ സാങ്കൽപ്പികമായ അനുഭവങ്ങൾ ഹാസ്യാത്മകമായും,കഥാരൂപത്തിലും എഴുതി പരീക്ഷിച്ചെങ്കിലും വളരെ ചുരുക്കം രചനകൾ മാത്രം നിലവാരം പുലർത്തി. മലയാളികൾക്കു അഭിമാനത്തോടെ ഉയർത്തിപിടിക്കാൻ തക്ക വിധം ക്രുതികൾ അന്നുണ്ടായതായി അറിവില്ല. ഉണ്ടെങ്കിൽ തന്നെ ഏതെങ്കിലും പ്രസിദ്ധീകരണത്തിന്‍റെ പേജിൽ ഒന്നു തെളിഞ്ഞു അപ്രത്യക്ഷമായി കാണും.കാരണം രചനകളെ കണ്ടെത്താനും,അതെകുറിച്ചുള്ള ചർച്ചകൾ നടത്തി മൂല്യനിർണ്ണയം നടത്താനുമുള്ള സംവിധാനം അന്നുണ്ടായിരുന്നില്ല. ഇന്നും ആ അവസ്ഥക്കും കാര്യമായ മറ്റങ്ങൾ വന്നിട്ടില്ല.

അമേരിക്കൻ മലയാളികളുടെ ദേശീയ സംഘടനയായ ഫൊക്കാനയും എഴുത്തുകാർക്കു പുരസ്കാരങ്ങൾ ഏർപ്പെടുത്തി കൊണ്ടു സാഹിത്യമത്സരങ്ങളും, കവിയരങ്ങു കളും സംഘടി പ്പിക്കയുണ്ടായി. ഈ സംരംഭ ത്തിലൂടെ എഴുത്തുക്കാർ അംഗീകരിക്ക പെടുകയും, അറിയപെടുകയും ചെയ്തു. പ്രശസ്ത ഭിഷഗ്വരനും അനുഗ്രഹീത സാഹിത്യകാരനുമായ ഡോക്ടർ എം.വി.പിള്ള ഫൊക്കാന പരിപാടികളുടെ ഭാഗമായി "ഭാഷക്കൊരു ഡോളർ" എന്ന പദ്ധതിക്കു രൂപം കൊടുക്കുകയും അതു വിജയകരമായി ഇന്നും തുടരുന്നു എന്നതു അമേരിക്കൻ മലയാളികൾക്കു അഭിമാനകരമാ ണ്.

കേരള ലിറ്റെററി സൊസൈറ്റി, ഡാള്ളസ്സ് എന്ന സംഘടനയുടെ ജനയിതാക്കളിൽ ഒരാളായ ശ്രീ ജോസഫ് നമ്പിമഠം സെക്രട്ടറി ആയിരിക്കുമ്പോൾ ആദ്യമായി അമേരിക്കൻ മലയാളി എഴുത്തുക്കാരുടെ കവിതാസമാഹാരങ്ങളും കഥാ സമാഹാരങ്ങളും പ്രസിദ്ധീകരിച്ചു. കൂടാതെ നാട്ടിലെ പ്രശസ്ത എഴുത്തുകാർക്കു സ്വീകരണം നൽകിയും അവരുടെ സാന്നിദ്ധ്യത്തിൽ സാഹിത്യ ചർച്ചകൾ സംഘടിപ്പിച്ചും കേരളത്തിലെ മുഖ്യധാര സാഹിത്യവുമായി ഈ സംഘടന ബന്ധം പുലർത്തിപോരുന്നു. ഈ കാലഘട്ടത്തിലാണു അമേരിക്കൻ മലയാളി എഴുത്തുക്കാരുടെ ദേശീയ സംഘടനയായ ലാന രൂപം കൊള്ളുന്നത്. ശ്രീ എം. എസ്സ്. ടി. നമ്പൂതിരി പ്രസിഡണ്ടും ശ്രീ ജോസഫ് നമ്പിമഠം സെക്രട്ടറിയുമായി ആരംഭിച്ച ലാന അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ സാഹിത്യസംഘടനകൾക്കു നേത്രുത്വം നൽകുകയും പല സ്ഥലങ്ങളിലും സാഹിത്യ സംഘടനകൾ രൂപികരിക്കുകയും ചെയ്തു. അനുഗ്രഹീതരായ എഴുത്തുകാരാൽ ധന്യമായ ടെക്സാസ്സിലെ മറ്റൊരു സംഘടനയാണു ഹൂസ്റ്റൻ റൈറ്റേഴ്സ് ഫോറം.ഈ സംഘടനയുടെ ആഭിമുഖ്യത്തിലും സാഹിത്യചർച്ചകളും, ശിൽപ്പ

ശാലകളും നടത്തി വരുന്നു. ഫിലാഡെൽഫിയ, ചിക്കാഗൊ തുടങ്ങി അമേരിക്കയില വിവിധ സംസ്ഥാനങ്ങളിൽ ഇപ്പോൾ സാഹിത്യ സംഘടനകൾ പ്രവർത്തിക്കുന്നു ണ്ട്..

നൂയോർക്കിലെ സാഹിത്യപ്രേമികൾ ചേർന്നു 1991ൽ രൂപീകരിച്ചതാണു അമേരിക്കൻ സർഗ്ഗവേദി എന്ന സംഘടന . സർഗ്ഗവേദിയുടെ കന്നിസംരംഭം അറുപതു തികഞ്ഞ ഒരു കവിക്കു ജന്മ ദിനോപഹാരമായി ”സമുദ്രശില“ എന്ന ഒരു കവിത സമാഹാരം സമർപ്പി ക്കുകയായിരുന്നു. നിർഭാഗ്യവശാൽ ക്രുതഘ്നനായ കവി സർഗ്ഗവേദി പിളർത്തി വേറൊന്നുണ്ടാ ക്കുകയും, എഴുത്തുകാർ തമ്മിൽ സ്പർദ്ധ ഉണ്ടാക്കാനും, സർഗ്ഗവേദിയെ ഉന്മൂലനം ചെയ്യാനും വേണ്ടി നടത്തിയ ഹീന ക്രുത്യങ്ങളും ഈ പ്രസ്ഥാനത്തെ മുളയിലെ തളർത്തിക്കളഞ്ഞു. തന്മൂലം കെട്ടുറപ്പും, ഭദ്രതയുമുള്ള ടെക്സാസ്സിലെ സാഹിത്യ് സംഘടനകൾ കൈവരിച്ചപോലെയുള്ള നേട്ടങ്ങൾ ഇതിനുണ്ടായില്ല. എന്നാൽ മ്രുതപ്രായമായ ഈ സംഘടനയെ ഡോക്ടർ തോമസ് പാലക്കൽ പുനരുജ്ജീവിപ്പിക്കുകയും ഇന്നത്തെ അവസ്ഥയിലേക്കു കൊണ്ടു വരികയും ചെയ്തു എന്ന കാര്യം സ്മരണീയമാ ണ്.

തൊണ്ണൂറുകളിൽ ഉണ്ടായ നവോത്ഥാനം അമേരിക്കൻ മലയാള സാഹിത്യരംഗത്തു ഒരു കൊടുങ്കാറ്റു പോലെ ആഞ്ഞടിച്ചു. പത്രങ്ങളുടേയും, മാസികകളുടേയും എണ്ണം വർദ്ധിച്ചു. ആ സമയത്ത് രംഗത്തു വന്ന മലയാളം പത്രം, കേരള എക്സ്പ്രെസ്സ്, മലയാളം വാർത്ത, അമേരിക്കൻ മലയാളി, ജനനി തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ ഇന്നും പുരോഗതിയുടെ പാതയിലാണെന്നുള്ളതു സന്തോഷകരമാണു. ഇതിൽ അമേരിക്കൻ മലയാളി എന്ന മാസിക നിന്നുപോയെങ്കിലും അതെ പേരിൽ പിന്നെ ഹൂസ്റ്റനിൽ നിന്നും നൂയോർക്കിൽ നിന്നും തുടങ്ങിയ പ്രസിദ്ധീകരണം ഇപ്പോൾ ഹൂസ്റ്റനിൽ നിന്നും മലയാളി എന്ന പേരിൽ പ്രചാരത്തിലുണ്ട്. തൊണ്ണൂറുകളുടെ അവസാനത്തിൽ ശ്രീ പീറ്റർ നീണ്ടൂരും, ശ്രീ ഡേവി തോമസ്സും കൂടി “മലയാളമനസ്സു” എന്ന മാസിക ആരംഭിച്ചത് കലാമേന്മയുള്ള രചനകൾ അമേരിക്കൻ മലയാളികൾക്കു സമ്മാനിക്കുക എന്ന ഉദ്ദേശ്യ ത്തോടെയായിരുന്നു. ഈ പ്രസിദ്ധീകരണവും തുടരാനാകാതെ മനസ്സു മാറി രംഗം വിട്ടു. മലയാളി സംഗമം എന്ന ഒരു പ്രസിദ്ധീകരണം കൂടി ഇപ്പോൾ ചിക്കാഗൊ, നുജേർസി/നൂയോർക്ക് ആസ്ഥാനമാക്കി പ്രസിദ്ധീ കരിച്ചു വരുന്നുണ്ട്. കൂടാതെ പ്രസിദ്ധ ചെറുകഥാക്രുത്തും, നോവലിസ്റ്റുമായ അമേരിക്കൻ മലയാളി എഴുത്തുകാരൻ ശ്രീ മാത്യു നെല്ലിക്കുന്നേൽ ഭാഷാകേരളം എന്ന ഒരു അന്തർദ്ദേശീയ മലയാള സാഹിത്യ പ്രസിദ്ധീകരണം വിദേശത്തും സ്വദേശ ത്തുമുള്ള മലയാളി കൾക്കായി മൂവ്വാറ്റുപുഴയിൽ നിന്നും പ്രസിദ്ധ പ്പെടുത്തുന്നുണ്ട്. ഇദ്ദേഹത്തിൻെറ പത്രാധിപത്യത്തിൽ തന്നെ ”ഹൂസ്റ്റൻ ടൈംസ്“ എന്ന വാരികയും പ്രസിദ്ധീകരിക്കുന്നുണ്ടു.

ഈ കാലഘട്ടത്തിൽ എഴുത്തുകാരും അഹമഹമിഹയ എന്ന തോതിൽ പ്രത്യക്ഷപെടുകയും അവരുടെ ക്രുതികൾ വായനക്കാരിലെത്തുകയും ചെയ്തു. എന്നാൽ പ്രബുദ്ധരും, സഹ്രുദയരുമായ വായനക്കാരുടെ അഭാവം സാഹിത്യത്തിൻെറ വളർച്ചക്കു വിലങ്ങ്തടിയായി നിൽക്കുന്നതു പരിഹാരമില്ലാത്ത

പ്രശ്നമായി അവശേഷിക്കുന്നു. ദ്രുശ്യമാദ്ധ്യമങ്ങളുടെ മായാജാലങ്ങൾക്കു മുമ്പിൽ വിസ്മയാധീനനായിരിക്കുന്ന പ്രേക്ഷകനു പുസ്തകം കയ്യിലെടുത്തു വായിക്കാനുള്ള ക്ഷമയില്ല. ഈ ബലഹീനത രചനയുടെ പോരായ്മ കൊണ്ടാണെന്നവർ അഹങ്കരിക്കാൻ തുടങ്ങിയപ്പോൾ എഴുത്തുകാരൻ നിസ്സഹായനായി. ഈ ശോചനീയാവസ്ഥയെപറ്റി പ്രശസ്ത കവിയും എഴുത്തുകാരനുമായ ശ്രീ പീറ്റർ നീണ്ടൂർ“മുപ്രയില്ലാതെ” വെറുതെ കഷ്ടപെടുന്ന എഴുത്തുകാർ എന്നു വിശേഷിപ്പിച്ചു. “മുപ്ര” ശ്രീ പീറ്റർ നീണ്ടൂർ മലയാളഭാഷക്കു സമ്മാനിച്ച ഒരു ആക്രനിം (Acronym) ആണു. അതായ്ത് എഴുത്തുകാരനു പ്രതിഫലമോ, പ്രോത്സാഹനമോ, പ്രതികരണമോ എന്നിങ്ങനെ പ്രാധാന്യമർഹിക്കുന്ന മൂന്നു “പ്ര”കൾ കിട്ടുന്നില്ലെന്നു സാരം. അമേരിക്കൻ മലയാളി എഴുത്തുകാർക്കു ഈ സൗഭാഗ്യമില്ലെങ്കിലും അവർ അവരുടെ സർഗ്ഗസമ്പത്തു കൊണ്ടു എഴുതുന്നു. തങ്ങളുടെ രചനകൾ പ്രസിദ്ധീകരിക്കാൻ പ്രമുഖ പ്രസാധകർ തയ്യാറാകാതിരുന്നപ്പോൾ സ്വന്തം പണം ചിലവാക്കി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ അമേരിക്കൻ മലയാളി എഴുത്തുകാർ ധൈര്യം കാട്ടി. ഈ കൂസലില്ലായ്മ വാസ്തവത്തിൽ അമേരിക്കൻ മലയാള സാഹിത്യത്തിനു നേട്ടങ്ങളുണ്ടാക്കി കൊടുത്തു, അല്ലെങ്കിൽ കൊടുക്കും. രവീന്ദ്രനാഥ് ടാഗോറിൻെറ ഗീതാ ജ്ഞലി ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തപ്പോഴാണു അതു ലോകം അറിഞ്ഞതും, അഭിമാനകരമായ നോബൽ സമ്മാനം കരസ്ഥമാക്കിയതും. മലയാളി എഴുത്തുകാരുടെ പുസ്തകങ്ങൾ സമീപഭാവിയിൽ ശ്രദ്ധിക്കപ്പെടുകയും,അവയുടെ പരിഭാഷകൾ ഉണ്ടാകുകയും ചെയ്യുമ്പോൾ അവരൊക്കെ ആദരിക്കപെടുമെന്നു ആശിക്കാം. അമേരിക്കൻ മലയാളി വനിത എഴുത്തുകാരിയായ ശ്രീമതി സരോജ വർഗീസ് അവരുടെ കഥകളുടെ ഇംഗ്ലീഷ് പരിഭാഷ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടു അമേരിക്കൻ മലയാള സാഹിത്യത്തെ അന്യഭാഷ വായനക്കാരിലെത്തിച്ചു എന്നതു പ്രശംസാർഹമാണ്. മറ്റൊരു കവയിത്രി ശ്രീമതി എത്സി യോഹന്നാൻ ശങ്കരത്തിൽ രവീന്ദ്ര നാഥ് ടാഗോറിൻെറ ഗീതാജ്ഞലി മലയാളത്തിലേക്കു പരിഭാഷ ചെയ്ത് അമേരിക്കൻ മലയാള സാഹിത്യത്തെ സമ്പന്നമാക്കി. ഒരു കാലത്തു മലയാളഭാഷയെ കോൾ മയിർ കൊള്ളിച്ച രമണൻ എന്ന കാവ്യം ഒരമേരിക്കൻ മലയാളി ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുകയുണ്ടായി. കൂടാതെ ഇതര ഭാഷകളിൽ നിന്നും ഇവിടത്തെ എഴുത്തുകാർ മലയാളത്തിലേക്കു വിവർത്തനം ചെയ്ത അനവധി രചനകൾ പത്രങ്ങളിലും, മാസികകളിലും പ്രത്യക്ഷപെടുന്നതു അമേരിക്കൻ മലയാള സാഹിത്യത്തിൻെറ ശക്തിയും വളർച്ചയും പ്രകടിപ്പിക്കുന്നതാണ്. അമേരിക്കൻ മലയാളി ആകുന്നതിനുമുമ്പു തന്നെ രണ്ടു തവണ കേരള സംഗീത നാടക അക്കാദമി അവാർഡ് തുടങ്ങി മറ്റനേകം പ്രശസ്ത അവാർഡുകൾ നേടിയ ശ്രീ ജയൻ വർഗീസും, കേരള സാഹിത്യ് അക്കാദമിയുടെ കനക്ശ്രീ അവർഡ് നേടിയ ശ്രീ ജയൻ കെ.സിയും അവാർഡ് ജേതാക്കളായ മറ്റനേകം എഴുത്തുകാരും അമേരിക്കൻ മലയാള സാഹിത്യ രംഗത്തുണ്ടെന്നുള്ളത് ഇവിടത്തെ മലയാളികൾക്കു അഭിമാനകരമാണ്.

ഈ സാഹചര്യത്തിൽ മലയാളത്തിലെ പ്രശസ്ത നിരൂപകൻ ശ്രീ എം. ക്രുഷ്ണൻ നായർ ഇവിടത്തെ എഴുത്തുകാരുടെ വ്യക്തമായി പറഞ്ഞാൽ മലയാളം പത്രം

തിരഞ്ഞെടുക്കുന്ന എഴുത്തുകാരുടെ രചനകൾ വിമർശിക്കാൻ തുടങ്ങി. ഇതു പൊരിയുന്ന ചട്ടിയിൽനിന്നും എരിയുന്ന തീയ്യിലേക്കു എന്നനുഭവമാണു എഴുത്തുകാർക്കുണ്ടാക്കിയതു. ശ്രീ നായരുടെ വ്യക്തിപ്രഭാവവും, പ്രശസ്തിയും കണക്കിലെടുത്തു ഇവിടത്തെ മലയാളി വായനക്കാർ അദ്ദേഹത്തിന്റെ കമന്റുകൾ മുഴുവനായി ശരി വച്ചു. എന്നാൽ എഴുത്തുകാരന്റെ വളർച്ചക്കൊ, മാർഗ്ഗദർശനത്തിനൊ ഇത്തരം നിരൂപണങ്ങൾ ഒട്ടും സഹായകമായില്ല. ഒറ്റടി വക്കുന്ന കുട്ടി തെന്നി വീഴുമ്പോൾ പരിഹസിക്കുന്ന മുതിർന്നവരെപോലെ വിമർശകൻ തന്റെ വിശ്വോത്തര കലാസ്ര്ഷ്ടികളെകുറിച്ചുള്ള പാണ്ഡിത്യത്തിന്റെ ആഴം സർഗ്ഗശക്തിയുടെ നാമ്പുകൾ പൊടിച്ചു വരുന്ന പല എഴുത്തുകാരുടെ രചനകളുമായി താരതമ്യം ചെയ്തപ്പോൾ അത്തരം എഴുത്തുകാർ പിന്നെ ഒറ്റടി വക്കണ്ടെന്നു തീരുമാനിച്ചതായി കണ്ടു. പല നല്ല എഴുത്തുകാരും പേനയും മടക്കി മിണ്ടാതിരുന്നു. വിലക്ഷണം കെട്ട രചനകൾ ഉണ്ടാകുന്ന്തിനേക്കാൾ അതാണു നല്ലതു. പക്ഷെ ശരിയായ നിരൂപണത്തിലൂടെ, പ്രോത്സാഹനത്തിലൂടെ പലരേയും തേച്ചു മിനുക്കാമായിരുന്നു. നിരൂപണം ഒരു കലയാണു. നിരൂപകൻ പറയുന്നതു അവസാന വാക്കല്ല. അതു തിരിച്ചറിയാൻ അമേരിക്കൻ മലയാളി സമൂഹം ശ്രമിക്കുന്നുണ്ടൊയെന്നറിഞ്ഞുകൂട. നിങ്ങൾക്കു നല്ലതായി ഒന്നും പറയാനില്ലെങ്കിൽ ഒന്നും മിണ്ടാതിരിക്കുക എന്ന ചൊല്ലു നല്ല നിരൂപകന്റെ നയമാണു. കാരണം ഏതു കലാസ്ര്ഷ്ടിയിലും വളരെ മനോഹരമായ ഒരു വരിയോ, ഒരാശയമോ ഉണ്ടായിരിക്കും. അതെ പറ്റി പറഞ്ഞുകൊണ്ടു മറ്റു പാളിച്ചകളെ ചൂണ്ടി കാണിക്കയാണു വേണ്ടതു. എഴുത്തുകാരന്റെ എഴുതാനുള്ള സ്വാതന്ത്ര്യവും, ശൈലിയും ചോദ്യം ചെയ്യുന്നതു ശരിയായ നിരൂപണമാകണമെന്നില്ല.

എന്താണു ഇവിടത്തെ എഴുത്തുകാരുടെ ജീവിത ദർശനം?. എഴുത്തുകൊണ്ടവർ എന്തുദ്ദേശിക്കുന്നു. അമേരിക്കൻ മലയാളി എഴുത്തുകാരിൽ കൂടുതൽ ക്ലാസ്സിസത്തോടു ചായ്‌വ് പുലർത്തുന്നവരാണു. റൊമാൻറിക്കുകൾ പൊതുവെ കുറവാണു. ഉണ്ടെങ്കിൽ തന്നെ അതു ശരിയായ രീതിയിൽ ഉപയോഗിക്കുന്നവരല്ലെന്നാണു ഈ ലേഖകൻ മനസിലാക്കീട്ടുള്ളതു. ക്ലാസ്സിസ്റ്റുകൾ പഴയ ശൈലിയേയും രൂപത്തേയും അംഗീകരിക്കുന്നവരാണു. റൊമാൻറിക്കുകൾ പുതിയ ശൈലിയും ആവിഷ്ക്കാരവും പരീക്ഷിക്കുന്നു. പരീക്ഷണം അസംബന്ധമായി പോകുമ്പോൾ അതിനെ ആധുനികത എന്നു വിളിച്ചു ന്യായീകരിക്കുന്നവരുമുണ്ടു. വായനക്കാരുടെ നവീനാഭിരുചികൾ എഴുത്തുക്കാർ മനസ്സിലാക്കേണ്ടതുണ്ട്. അഭിരുചിയിൽ പരിവർത്തനം വരുമ്പോഴാണു നിലവിലുള്ളതിനോടു വിരസത അനുഭവപെടുക. ഒരൊ എഴുത്തുകാരും സ്ഥൂലവും സൂക്ഷ്മവുമായ അവരുടെ ജീവിതാനുഭവങ്ങളെ രൂപപെടുത്തിയെടുക്കുന്നതാണ് അവരുടെ രചനകളിൽ പ്രത്യക്ഷപെടുന്ന ദാർശനികത. ഡബ്ലു. ബി.യേറ്റ്സ് പറയുന്നത് ഉൾകണ്ണുകൾക്കു മുന്നിൽ എഴുത്തുകാരനു സ്വർഗ്ഗ കവാടങ്ങൾ തുറന്നു കിട്ടുന്ന മുഹുർത്തങ്ങൾ ഉണ്ടെന്നാണ്. ഈ മുഹുർത്തങ്ങളിൽ അവർ എഴുതിപോകുന്നു.ഗഹനമായ ചിന്തകളും, അതിൽ നിന്നുൽഭവിക്കുന്ന സിദ്ധാന്തങ്ങളും അമേരിക്കൻ മലയാളി എഴുത്തുകാരുടെ ക്രുതികളിൽ വളരെ കുറവാണു. വിജ്ഞാനമേഖലകളിലേക്കു വെളിച്ചം വീശുന്ന വിധം സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾക്കു അനുസ്രുതമായി എഴുതാൻ പലരും

ശ്രദ്ധിക്കാതിരിക്കുന്നതു ഇവിടത്തെ സമൂഹത്തിനു അങ്ങനെയൊരാശയാഭിലാഷമില്ലെന്ന ധാരണയിലാകാം. നാം ജീവിച്ചുപോന്ന, ജീവിക്കുന്ന സാഹചര്യങ്ങൾ, നമ്മുടെ ചിന്ത, അറിവു, അനുഭവങ്ങൾ തുടങ്ങി പല ഘടനകളുടേയും സ്വാധീനം രചനകളിൽ പ്രകടമാകുക സ്വാഭാവികമാണു. ധനികനായ അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകളിൽ ഇന്നത്തെ വ്യവസ്ഥിതിയോടുള്ള എതിർപ്പ്, സമുദായാചാരങ്ങൾക്കു നേരെയുള്ള അമർഷം, അമേരിക്കൻ ജീവിതരീതിയോടുള്ള പുഛം, അടുത്തറിയുന്നവർക്കു പറ്റിയ അമളികളുടെ, നിർഭാഗ്യത്തിന്റെ വിവരണം, സ്വന്തം നാടിന്റെ ഭംഗിയും, അവിടത്തെ ജീവിത മൂല്യങ്ങളുമെല്ലാം പ്രതിഫലിക്കുന്നുണ്ടെങ്കിലും അവ പൂർണ്ണമായും സത്യസന്ധമായ ആവിഷ്കാരങ്ങളായി ആസ്വാദകനു തോന്നാത്തതു എഴുത്തുകാർ പ്രവാസനാട്ടിലെ അതിഥികളായി കഴിയുന്നതു കൊണ്ടാണു. ഇരു വഞ്ചിയിൽ കാലിട്ടു നിൽക്കുമ്പോൾ അനുഭവപെടുന്ന ആശങ്കയും, പരിഭ്രമവും പലരേയും ലക്ഷ്യസ്ഥാനത്തെത്തിക്കുന്നില്ല. ത്രികോണപ്രേമങ്ങളും, അവയുടെ ദുരന്തങ്ങളുമൊക്കെ സൃഷ്ടികളിൽ ആശയമാക്കുന്ന പതിവ് പലരും ഉപേക്ഷിച്ചെങ്കിലും, അത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവർ അതു വിദഗ്ധമായി ചെയ്യുമ്പോൾ വായനക്കാരൻ ഇഷ്ടപെടുന്നുണ്ടു. ഭക്തിയും, രതിയും കലർത്തി എഴുതുന്നവർ "മാജിക്കൽ റിയലിസം" പോലുള്ള നവീന ആശയങ്ങൾ അവരുടെ രചനകളിൽ പ്രയോഗിക്കുന്നുണ്ട്. ആധുനിക കവിതയെന്തെന്നു മനസ്സിലാക്കാതെ അസംബന്ധം എഴുതുന്നവർ കാൽപ്പനികതയേക്കാൾ സാങ്കേതികയാണു രചനകളിൽ പ്രകടിപ്പിക്കുന്നത്. ചരിത്രത്തിന്റെ നുറുങ്ങുകളെ, കാലിക സംഭവങ്ങളെ , മിത്തുകളിൽ അല്ലെങ്കിൽ കടങ്കഥകളിൽ കോർത്തിട്ടു സൃഷ്ടിക്കുന്ന രാവണൻ കോട്ടയിൽ വായനക്കാരെ കുടുക്കുന്നു അവർ. ഭാഗ്യവശാൽ അമേരിക്കൻ മലയാളസാഹിത്യത്തെ ആധുനികതയെന്ന യക്ഷി അപൂർവ്വമായെ വഴിപിഴപ്പിക്കുന്നുള്ളു. കാരണം അമേരിക്കൻ മലയാളിയുടെ അരയിൽ തനി മലയാളത്തിന്റെ പഴയ പനയോലകെട്ടുകൾ ഉണ്ടു. നമ്മുടെ മാതാവു കൈരളി പണ്ടൊരു പൊന്മണി പൈതലായി വാണ കാലം പാടിയിരുന്ന പഴങ്കഥപാട്ടുകൾ പാൽകുഴമ്പല്ലോ ചെകിട്ടിനെല്ലാം എന്ന ഓർമ്മയിൽ അവർ ഹർഷപുളകിതരാണ്. ചേതസ്സി തോന്നിയ മാതിരിയിൽ നിന്നും ഇന്നു മലയാള ഭാഷ വികാസം പ്രാപിച്ചു. മലയാള കവിതയും കുട്ടിത്വം വിട്ടു യൗവ്വനം വന്നുദിച്ചതോടെ അവളുടെ ദുർദ്ദശ്ശയും വന്നുകൂടി. ഏതോ ശാപം പേറിയപോലെ കവിതയുടെ രൂപം മാറി. അല്ലെങ്കിൽ മാറ്റിക്കളഞ്ഞു. അവൾ കഞ്ചാവടിക്കാൻ തുടങ്ങി. കള്ളുഷാപ്പിൽ മീൻ കറി വിളമ്പാൻ പോയി. ഭരണിപാട്ടു പാടി. അവളുടെ പ്രേതങ്ങൾ അമേരിക്കൻ മലയാള സാഹിത്യത്തിലും പ്രത്യക്ഷപ്പെട്ടു പേടിപ്പിക്കാൻ ഒരുങ്ങിയെങ്കിലും.അവളെ ഇംഗ്ലീഷ് പറഞ്ഞു മലയാളികൾ ഓടിച്ചു കളഞ്ഞു. മണ്ണിന്റെ മണവും വിണ്ണിന്റെ വിശുദ്ധിയുമുള്ള കവിതകളെ വിജയിക്കുകയുള്ളുവെന്നു എഴുത്തഛനും, കുമാരാനാശാനും, ചങ്ങമ്പുഴയും, ശങ്കരക്കുറുപ്പും, സുഗതകുമാരിയും നമ്മെ പഠിപ്പിക്കുന്നു. അത്തരം കവിതകളാണു അമേരിക്കൻ മലയാളികൾക്കിഷ്ടമെന്നു അവർ പറയുന്നില്ലെങ്കിലും അതു സ്പഷ്ടമാണ്. മലരൊളി തിരളും മധുചന്ദ്രികയിൽ മഴവിൽകൊടിയുടെ മുന മുക്കി എഴുതികൊണ്ടു മലയാള ഭാഷയുടെ കനക ചിലങ്ക കിലുക്കിപ്പിച്ച, കിലുക്കിപ്പിക്കുന്ന എഴുത്തുകാരെ മലയാളി എന്നും സ്നേഹിച്ചിട്ടുണ്ട്. അതിനു

മാറ്റം വരുന്നില്ല. കഞ്ചാവിൽ മുക്കി നഗ്നത കൊണ്ടെഴുന്നതൊക്കെ ആധുനികമാണെന്ന ധാരണ പരത്തിയവരും, അങ്ങനെ എഴുതിയവരും വായനകാർക്കു താൽക്കാലികമായ ലഹരി മാത്രമാണു നൽകിയത്. അവയെല്ലാം കാലത്തിൻെറ പട്ടടയിൽ ചാരമായി. എന്നാൽ ആ ചാരത്തിൽ നിന്നും ഫിനിക്സ് പക്ഷിയെപോലെ ഉയർത്തെഴുന്നേറ്റ് ആധുനികതയുടെ പൊരുൾ എഴുത്തിലൂടെ പ്രതിഫലിപ്പിച്ച്, ആ ശക്തി വ്യാപരിപ്പിച്ചുകൊണ്ട് കരുത്തു നേടിയവരും അമേരിക്കൻ മലയാളി എഴുത്തുകാരിലുണ്ടു.

സാഹിത്യകാരൻ, പ്രസാധകൻ, വായനക്കാരൻ എന്നീ മൂന്നു ഘടകങ്ങൾ പരസ്പരപൂരിതങ്ങളായി നില നിന്നാൽ മാത്രമെ സാഹിത്യം വളരുകയുള്ളു. വായനക്കാരിൽ നിരൂപകർ എന്ന വിഭാഗം വളരെ പ്രാധാന്യമർഹിക്കുന്നു. അമേരിക്കൻ മലയാള സാഹിത്യ്ത്തെ ബാധിച്ച ഒരു ചാഴിയാണു എല്ലാവരും നിരൂപകവേഷം കെട്ടുന്നു എന്നത്. ഈ വേഷധാരികൾ പലപ്പോഴും ക്രുതികൾ വായിക്കാതെയും മുൻ ധാരണകളുടെ അടിസ്ഥാനത്തിലും അഭിപ്രായങ്ങൾ പറഞ്ഞു രചനകളെ അവഹേളിക്കുകയും എഴുത്തുകാരെ ദ്രോഹിക്കാറുമുണ്ട്. ഉത്തമ നിരൂപണം സ്രുഷ്ടിയേക്കാൾ സ്രുഷ്ടിപരമാണു. വസ്തുവിൻെറ ബാഹ്യരൂപത്തിൽ കാണുന്നതിൽനിന്ന് വ്യത്യസ്തമായി ഏതൊ ഒന്നു നിരൂപകൻ കാണിച്ച് തരുന്നു എന്നു ഓസ്കാർ വൈൽഡ് പറയുന്നു.

പ്രവാസ മലയാളിയുടെ കർമ്മ രംഗം സാഹിത്യ രചനയല്ല. തിരക്ക് പിടിച്ച ജീവിതായോധനത്തിൻെറ പിരിമുറുക്കത്തിലും കറക്കത്തിലും അവർ എഴുതുന്നു. എന്നാൽ നേരത്തെ സൂചിപ്പിച്ച പോലെ വായിക്കാൻ താൽപ്പര്യമില്ലാത്തവർ സാഹിത്യ രചന ആർക്കും കഴിയുമെന്നും അതു ഒരു അസാമാന്യ കഴിവല്ലെന്നുമുള്ള മൂഢ ചിന്തയിൽ എഴുത്തുക്കാരെ പരിഹസിച്ചുകൊണ്ടിരിക്കുന്നതു ഒരു പകർച്ച വ്യാധി പോലെ ഇവിടെ പരക്കുന്നതും വ്യസനകരം തന്നെ. അകാല ചരമമടഞ്ഞ അനേകം പ്രസിദ്ധീകരണങ്ങൾ സാക്ഷ്യം വഹിക്കുന്നതു വായനക്കാരുടെ കുറവു കൊണ്ടാണെന്നു സത്യം മനസ്സിലാക്കാതെ എഴുത്തുകാരെ കുറ്റപെടുത്തുന്ന പ്രവണത അമേരിക്കൻ മലയാള സാഹിത്യത്തിൻെറ തീരാശാപമാണു. അവാർഡുകളും അംഗീകാരങ്ങളും കരസ്ഥമാക്കുന്ന എഴുത്തുകാരനോ, എഴുത്തുകാരിയൊ അതു ഡോളർ കൊടുത്തു തരപ്പെടുത്തുന്നതാണെന്നു പറഞ്ഞു എഴുത്തുകാരെ അവഹേളിക്കുന്നതു ഒരു വിനോദമായി പലരും കരുതുന്നു. അമേരിക്കൻ മലയാളി എഴുത്തുകാരെ നിരുത്സാഹപെടുത്തുന്ന വിധ്വംസ ശക്തികൾ ധാരാളമുണ്ടെന്നുള്ളത് സങ്കടകരമാണു. പരദേശത്തു മാതാപിതാക്കൾ വിട്ടിട്ടുപോയ ഒരനാഥകുട്ടിയെപോലെയാണ് ഇന്നത്തെ അമേരിക്കൻ മലയാള സാഹിത്യത്തിൻെറ അവസ്ഥ. കുട്ടിയെ ആരും ഗൗനിക്കുന്നില്ല, അംഗീകരിക്കുന്നില്ല. അംഗീകരിക്കാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും തയ്യാറാകുന്നവർക്കു ഒന്നുമറിയില്ലെന്നും അല്ലെങ്കിൽ അതെല്ലാം വെറും പുറംചൊറിച്ചിലണെന്നും അപഖ്യാതി പരത്തി പരദൂഷണവീരന്മാർ അവരുടെ പൊള്ളത്ത രത്തിൻെറ പെരുമ്പറയടിക്കുമ്പോൾ ജനം കാതു പൊത്തി ഒന്നിനുമില്ലെന്ന നിസ്സംഗത പാലിക്കുന്നു. ശൈശവത്തിൽ മുലപ്പാലിനൊപ്പം നുണഞ്ഞു വന്ന മാത്രുഭാഷയോടുള്ള ആദരവു പുലർത്തുന്ന

കുട്ടി, ആ ഭാഷയിൽ പ്രകടമാക്കുന്ന തൻെറ കലാവിരുതുകൾ കാണാനും, കേൾക്കാനും തൽപ്പരരായ ആസ്വാദകർ പ്രതി ദിനം കുറഞ്ഞു വരുന്നു. പ്രവാസ ഭൂമിയിൽ കുട്ടിയുടെ മാത്രുഭാഷ സംസാരിക്കുന്നവരുടെയടുത്തേക്കു അവൻ പ്രതീക്ഷയോടെ നടന്നടുക്കുമ്പോൾ പ്രവാസികൾ അവനെ പണ്ടു തീവണ്ടിയിൽ വച്ചു ഉപജീവനത്തിനു വയറ്റത്തടിച്ച് പാടിയിരുന്ന കുട്ടികളെ പോലെ കാണുകയും ആട്ടിയകറ്റുകയും ചെയ്യുന്നു. എന്നിട്ടും കുട്ടി തൻെറ മാത്രുഭാഷ സ്നേഹം തുടർന്നുകൊണ്ടിരിക്കുന്നു എന്നതു അഭിമാനകരവും, സന്തോഷകരവുമാണ്.

ഓരോ എഴുത്തുകാരൻേറയും, ആവിഷ്ക്കാര ശൈലിയും, ആശയസമ്പന്നതയും, ആദർശങ്ങളും, രചനഭംഗിയും മനസ്സിലാക്കണം. അല്ലെങ്കിൽ അതു മനസ്സിലാക്കുന്നവരുടെ നിരൂപണങ്ങൾ ശ്രദ്ധിക്കണം . ക്രുതികളെകുറിച്ചുള്ള ആശയവിനിമയം അക്ഷരങ്ങളിലൂടെ മാത്രം നടത്തണം. വാമൊഴിയിലൂടെ പറഞ്ഞ കാലം കഴിഞ്ഞു. ആസ്വാദനങ്ങളും, നിരൂപണങ്ങളും, വിമർശനങ്ങളും എഴുതുമ്പോൾ മാത്രമാണു അതു സാഹിത്യത്തിൻെറ ഒരു ഭാഗമാകുന്നതു. വായിൽ വരുന്നതു കോതക്കു പാട്ടെന്ന്പോലെ നമ്മൾ പലപ്പോഴും കേൾക്കുന്ന അഭിപ്രായങ്ങൾ നിരൂപണങ്ങളല്ല പരദൂഷണങ്ങളാണ്. അതു ഇവിടത്തെ സാഹിത്യാന്തരീക്ഷത്തിൽ കൊതുകിൻെറ മൂളൽ പോലെ മനുഷ്യരെ ശല്ല്യപെടുത്തി കൊണ്ടിരിക്കുന്നുവെന്നതു ലജ്ജാകരവും ഖേദകരവുമാണു. ഇന്നു കടലാസ്സും, പേനയും കമ്പൂട്ടറും സുലഭമാണ്. ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുമ്പോൾ എഴുത്തുകാരനു വായനക്കാരൻെറ അഭിരുചി മനസ്സിലാകുന്നു. എന്നാൽ വായനക്കാരൻെറ അഭിരുചിക്കൊപ്പം മാത്രം എഴുതാൻ എഴുത്തു കാരൻ തയ്യാറാകരുത്. സാഹിത്യവേദികൾ സംഘടിപ്പിക്കുന്ന സാഹിത്യചർച്ചകളിൽ നടക്കുന്ന നിരൂപണങ്ങൾ കൂടുതൽ വിജ്ഞാനപ്രദങ്ങളായാൽ എഴുത്തുകാരുടേയും ആസ്വാദകരുടേയും സാന്നിദ്ധ്യം വർദ്ധിക്കും. ക്രുതികളെ പറ്റി മനസ്സിലാക്കാതെ "എനിക്കും പറയണം അഭിപ്രായം" എന്ന വാശിയോടെ ജൽപ്പിക്കുന്നവർ നിരൂപകരല്ല ഏടാ കൂടക്കാരാണ്.

ഇത്തരം സംഘടനകളെ ഒരു കുടകീഴിൽ കൊണ്ടുവന്ന ലാന എന്ന ദേശീയ സംഘടന അമേരിക്കൻ മലയാള സാഹിത്യ്ത്തിൻെറ വളർച്ചയ്ക്ക് വേണ്ടി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്ന ഈ സംഘടന ശക്തി പ്രാപിച്ചാൽ അമേരിക്കൻ മലയാള സാഹിത്യം കരുത്തു നേടും. അമേരിക്കൻ മലയാള സാഹിത്യ രംഗത്തു വൈവിദ്ധ്യമാർന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വ്യത്യസ്തമായ ശൈലികൾക്കുടമയായ എഴുത്തുകാരുണ്ട് ഇവിടത്തെ എഴുത്തുകാർ സാഹിത്യരൂപങ്ങളിലെ പ്രധാനപ്പെട്ട ഇനങ്ങളുടെ രചനകൾ പ്രാഗ്ത്ഭത്തോടെ നിർവ്വഹിച്ചിട്ടുണ്ട്. കഥകൾ , കവിതകൾ, നോവൽ, നാടകം, ഗാന ങ്ങൾ , ഗദ്യ്കവിത, തുടങ്ങി മലയാളത്തിലെ പഴയ കലാരൂപങ്ങളായ ഓട്ടംതുള്ളൽ, വില്ലടിച്ചാൻ പ്പാട്ട്, വഞ്ചിപ്പാട്ട് , കഥാപ്രസംഗം തുടങ്ങിയവ രചിക്കുന്നതിലും പ്രാവീണ്യം പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ നാട്ടിൽ ക്രുതികൾ അച്ചടിച്ചു വരുന്ന എഴുത്തുകാരാണു യഥാർഥ എഴുത്തുക്കാർ എന്ന ഒരു തെറ്റിദ്ധാരണ പലരും വച്ച് പുലർത്തുന്നതു കൊണ്ട് ഇവിടത്തെ എഴുത്തുകാരുടെ രചനകൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ഇവിടെനിന്നും ഡോളറയച്ച്

നാണയവിനിമയത്തിൻെറ വ്യത്യാസത്തിൽ നാട്ടിൽ ധനികരാകുന്നപോലെ ഇവിടത്തെ രചനകൾ നാട്ടിലേക്കയച്ച് അവിടെ അംഗീകരിക്കപ്പെടാൻ ഒരു പക്ഷെ എഴുത്തുകാർ ആഗ്രഹിക്കുന്നത് ഇവിടെ അർഹമായ അംഗീകാരം കിട്ടാത്തതുകൊണ്ടാവണം. അമേരിക്കൻ മലയാളി എഴുത്തുകാർ ഇവിടത്തെ മലയാളി സമൂഹത്തിനു വേണ്ടി എഴുതണം. . ഇവിടെ വായനക്കാർ ഉണ്ടാകണം. പത്രങ്ങൾക്കു ഇക്കാര്യത്തിൽ ഗണ്യമായ പങ്കു വഹിക്കാവുന്നതാണുഅമേരിക്കൻ മലയാള സാഹിത്യത്തിൻെറ വളർച്ചയ്ക്ക് ഇവിടത്തെ പത്രങ്ങൾ മുഖ്യ പങ്കു വഹിച്ചിട്ടുണ്ടെന്നുള്ളതു നിസ്തർക്കമാണ്. നൂയോർക്കിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മലയാളം പത്രം എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ അവർക്കു അവർഡുകൾ പ്രഖ്യാപിച്ചപ്പോൾ, കൈരളി പബ്ലിക്കേഷൻസ് അതിൻെറ മുക്കാൽ ഭാഗം കോളം ഇവിടത്തെ എഴുത്തുകാരുടെ രചനകൾക്കും അവരുടെ നിരൂപണങ്ങൾക്കും വേണ്ടി മാറ്റി വച്ചത് അഭിനന്ദനാർഹമാണ്.

അനന്തര തലമുറക്കാർ എഴുത്തുകാരനെ അളക്കുന്നതു സാഹിത്യത്തിൻെറ കണ്ണാടിയിലൂടെയാണെന്ന ലോക തത്വത്തിൻെറ വെളിച്ചത്തിലൂടെ അമേരിക്കൻ മലയാള സാഹിത്യം പരിശോധിക്കുമ്പോൾ വ്യക്തമാകുന്നതു എന്താണ്? ആരംഭകാലത്തു എഴുത്തുകാരിൽ ഭൂരിപക്ഷം പേരും മദ്ധ്യവയസ്സി ലെത്തിയവരായിരുന്നു. അവരിൽ ഒരു കാലത്തു ഉറങ്ങി കിടന്നിരുന്ന കലാവാസനകളെ അവർ പരിപോഷിപ്പിച്ച് മലയാളഭാഷയ്ക്ക് അനവധി രചനകൾ കാഴ്ച്ചവച്ചു. സൗന്ദര്യാവിഷ്ക്കാരമാണ് കലയെന്നും, പ്രക്രുതി രാമണീയകത്തെ കലാകാരൻ അനുകരിക്കുമെന്നുള്ള ബംഗാർട്ടൻെറ അഭിപ്രായത്തോട് മദ്ധ്യവയസ്കരായ ഇവിടത്തെ എഴുത്തുകാർ യോജിച്ചിരുന്നു എന്നും അവരുടെ രചനകൾ പ്രകടമാക്കുന്നു. പണ്ടത്തെപോലെ കഥയെഴുതിയാൽ, കവിതയെഴുതിയാൽ ജനം പരിഹസിക്കുമെന്ന ധാരണയിൽ ക്രുതികളെ അവർ ക്രുത്രിമമാക്കിയില്ല. ആധുനികത, അത്യാധുനികത, തുടങ്ങിയ നവീന സം രംഭങ്ങളിൽ നിന്നും അവരിൽ പലരും ഒരകലം കാത്തു സൂക്ഷിച്ചു. എന്നാലും ജീവിതത്തിൻെറ വ്യത്യസ്ത ഭാവങ്ങൾ ഒപ്പിയെടുത്ത് ഓരൊരുത്തരും അവരുടേതായ ശൈലിയുപയോഗിച്ച് അവയെല്ലാം അക്ഷരങ്ങളിലൂടെ പുനരാ വിഷ്കരിച്ചു. എന്നാൽ നാട്ടിലെ ആധുനിക പ്രസ്ഥാനങ്ങളോടു അടുത്തിടപഴകി ഇവിടെ വന്നവർ അവരുടെ രചനകളെ ആ തലത്തിൽ പ്രതിഫലിപ്പിക്കുന്നതിൽ ബദ്ധ ശ്രദ്ധരായിരുന്നു എന്നു കാണാവുന്നതാണ്. മുപ്രകൾ" ഇല്ലാതെ തന്നെ അവർ എഴുതി. അതുകൊണ്ടു തന്നെ അമേരിക്കൻ മലയാള സാഹിത്യമെന്ന ശാഖ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തമാണ്. അതു തിരിച്ചറിയപ്പെട്ടു തുടങ്ങിയെങ്കിലും വായനക്കാരുടെ സഹകരണം കുറവാണെന്നു കാണുന്നു. അതുകൊണ്ടായിരിക്കണം കുറെയെഴുത്തുകാർ നാട്ടിലെ പ്രസിദ്ധീകരണങ്ങളിൽ മാത്രം എഴുതാമെന്ന് തീരുമാനിച്ചത്. ആ തീരുമാനം അവർക്കു കീർത്തിയും, അംഗീകാരങ്ങളും അവിടെ നേടികൊടുത്തുവെന്നതു പ്രത്യേകം പ്രസ്ത്യാവ്യമാണു.

ജീവിത ദർശനത്തിൽ എഴുത്തുകാരനുള്ള ബോധം കാലത്തിൻെറ ഗതിയനുസരിച്ചു മാറികൊണ്ടിരിക്കും. വരുന്ന തലമുറകളിൽ അമേരിക്കൻ മലയാളസാഹിത്യം അവശേ ഷിക്കയാണെങ്കിൽ അതു ഇന്നത്തെക്കാൾ പാശ്ചാത്യ സ്വാധീനമുള്ളതാകും.

ഇപ്പോൾ തന്നെ ലാറ്റിനമേരിക്ക, ആഫ്രിക്ക, സ്പെയിൻ മുതലായ രാജ്യങ്ങളിലെ സാഹിത്യം മാർഗ്ഗദർശകമാകുമ്പോൾ തുമ്പ മുളക്കാത്ത തുമ്പികൾ പറക്കാത്ത, ഇന്നത്തെ കേരളത്തിൽ നിന്നും ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ച് പേനയുമായി വരുന്നവർ എന്തെഴുതുമെന്നൂഹിക്കാവുന്നതാണു. തുമ്പപൂ പോലുള്ള ചോറും, പാരിനെ പാലാഴിയാക്കുന്ന പാർവ്വണബിംബവും, കുളിരും കൊണ്ടു കുണുങ്ങി നടക്കുന്ന മലയാളി പെൺകിടാവും, പാദസരങ്ങൾ കിലുക്കുന്ന നദികളുമൊക്കെ മാറി മറഞ്ഞു. എള്ളെണ്ണയുടെ മണം പോയി ഷാമ്പുവിൻെറ പരിമളമുള്ള മുടിയുമായി അർദ്ധ നഗ്നാംഗിയായിവരുന്ന കാമിനിയും,നിയോൺ വിളക്കുകൾ പ്രകാശം പരത്തുന്ന രാവും, കോൺക്രീറ്റു കാടുകളും, ചൈനീസ് ഫുഡുമായി മലയാളഭാഷ ഇപ്പോൾ തന്നെ മാറികൊണ്ടിരിക്കുന്നു. ജാതിയൊഴികെ മറ്റൊന്നും കാത്തു സൂക്ഷിക്കാൻ ആഗ്രഹമില്ലാത്ത ഭൂരിഭാഗം മലയാളികൾ പാശ്ചാത്യവൽക്കരണ ത്തിനു അമിത ഉത്സാഹം കാട്ടുന്നുണ്ടു. തോളു മുട്ടുന്ന തോടയുമായി വരുന്ന കഥാനായികയെ വർണ്ണിക്കുന്ന ഭാഗം വായിച്ചപ്പോൾ ഒരു ടീനേജ്കാരൻ ചോദിച്ചു ഃ എന്തോന്നു തോടഃ കാലം മാറുന്നു, കലയും മാറുന്നു, മാറേണ്ടതാണെന്നുള്ളത് സാഹിത്യ്ത്തിൻെറ ആവശ്യം കൂടിയാണ്. സാങ്കേതിക പുരോഗതി ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള ദൂരം കുറച്ചപ്പോൾ സംസ്കാര സങ്കരമുണ്ടായി. ചിരന്തനമായി കാത്തു സൂക്ഷിച്ച മൂല്യങ്ങൾക്കിടിവു വന്നു. പലതു കൂടി ചേർന്നു പുതിയതൊന്നുണ്ടായി. സുഖലോലുപതയുടെ പുറകെ പ്രയാണം ചെയ്യുന്ന മനുഷ്യൻ എളുപ്പ്മുള്ളതു സ്വീകരിച്ചു. ഈ സ്ഥിതി വിശേഷം സാഹിത്യത്തേയും ബാധിച്ചു. ഈ വ്യത്യാസം അമേരിക്കൻ മലയാളി എഴുത്തുകാരിൽ ചിലരുടെയെങ്കിലും രചനകളിൽ പ്രകടമാണു. ഭാവിയിലെ എഴുത്തുകാരുടെ രചനകളിൽ മലയാള ഭാഷയുടെ തനിമയും, മാദകത്വവും, ഭാവ സങ്കൽപ്പങ്ങളുമൊക്കെ കുറഞ്ഞ്പോകാൻ ഏറെ സാദ്ധ്യതകൾ ഉണ്ട്. ഒരു പക്ഷെ അന്നുണ്ടാകുന്ന സാഹിത്യ മായിരിക്കും പ്രവാസമലയാള സാഹിത്യമെന്ന പേരിനർഹമാകുക. ഇവിടെ മാത്രമല്ല ലോകത്തെമ്പാടും ഈ മാറ്റം സംഭവിക്കാം. അപ്പോൾ അമേരിക്കൻ മലയാള സാഹിത്യമെന്നതു ആഗോള പ്രവാസ മലയാള സാഹിത്യത്തിൻെറ ഒരു ശാഖയാകും. മലയാള ഭാഷയിൽ ഇന്നു അന്യ ഭാഷ പദങ്ങൾ സുലഭമണു. അതേപോലെ ഭാവി തലമുറയുടെ ഭാഷയിലും വിദേശപദങ്ങളുടെ, ശൈലികളുടെ കടന്നു കയറ്റമുണ്ടാകും. നാട്ടിൽന്നും വരുന്ന മലയാളി ഇംഗ്ലീഷ് മീഡിയത്തിലാണു പഠിച്ചുവരുന്നത്. അവരിൽ മിക്കവർക്കും മലയാളം കുറച്ചെ പറയാൻ കഴിയു. അവർ എഴുതുമ്പോൾ ഭാഷ മിശ്രിതമായിപോകും. ഉദാഹരണത്തിനു നിങ്ങൾ മലയാളം സംസാരിക്കുമ്പോൾ ***English words use*** ചെയ്യുന്ന ***bad habit avoid*** ചെയ്യണമെന്നൊക്കെ അവർ എഴുതിയേക്കം .അതുകൊണ്ടു അമേരിക്കൻ മലയാള സാഹിത്യം തലമുറകളുടെ വിടവിലേക്കു വീണുപോയേക്കാവുന്ന താൽക്കാലികമായ ഒരു നിലനിൽപ്പു മാത്രമാണെന്നു ശങ്കിക്കാൻ കാരണങ്ങൾ ഉണ്ടു. അതിൻെറ വളർച്ച അണയാൻ പോകുന്ന ദീപത്തിൻെറ ആളിക്കത്തൽ മാത്രമായിരിക്കാം. ഇതിൽ കത്തിയേത്, കത്തിക്കൊണ്ടു നിൽക്കുന്നതേത്, കത്തിക്കു മൂർച്ച കൂട്ടുന്നതേത് കത്തി ചൂണ്ടുന്നതേതു എന്നൊക്കെ അന്വേഷിക്കാൻ ഇവിടത്തെ സഹ്രുദയ ലോകം തയ്യാറായാൽ ഇവിടത്തെ സാഹിത്യ്സംഘടനകൾ അതിനു വേദിയൊരുക്കിയാൽ ഒരു പക്ഷെ അമേരിക്കൻ മലയാള സാഹിത്യമെന്ന ശാഖ

പതറാതെ നിൽക്കുകയും, കൂടുതൽ പ്രശസ്തിയും, അംഗീകാരങ്ങളും നേടുകയും ചെയ്യും. എന്നാൽ എല്ലാം കത്തികൾ എന്ന നിലപാട് ഭൂരിപക്ഷം പേരും സ്വീകരിച്ചാൽ, സ്വന്തമായി അഭിപ്രായമില്ലാത്തവരായി അധഃപതിച്ചാൽ കത്തി വേഷം മാത്രമാടുന്ന കഥകളിയായി അമേരിക്കൻ മലയാളസാഹിത്യം ഇന്നും നാളേയും തരംതാണുപോകും.

ധാരാളം പുസ്തകങ്ങൾ പുറത്തിറങ്ങുന്ന, ധാരാളം വാരികകളും, മാസികകളും, ദിനപത്രങ്ങളും പ്രസിദ്ധീകരിക്കുന്ന സമ്പന്നമായ ഭാഷയാണു മലയാളം. ഈ ഭാഷ കേരളത്തിനു പുറത്തും, അമേരിക്കയിലുള്ള കലാശാലകളിലും പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ടു താൽപ്പര്യവും, അർപ്പണബോധവുമുള്ളവർ ഇന്നത്തെ തലമുറയുടെ പിന്തുടർച്ചക്കാരായി മലയാളഭാഷയെ ഇവിടേയും പരിപോഷിപ്പി ക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണു.

അമേരിക്കയിലേക്കു കുടിയേറിയ മലയാളിയുടെ നാവിൽ വചനമുണ്ടായിരുന്നു. ആ വചനം അവന്റെ മാത്രുഭാഷയായിരുന്നു. അവൻ ആ വചനമായിരുന്നു. അവൻ ആ വചനത്തോടു കൂടിയായിരുന്നു. എന്നും അങ്ങനെയാകട്ടെ എന്നു നമുക്കു പ്രാർഥിക്കാം.

**(“കേരള കൾച്ചറൽ അസ്സോസിയേഷൻ, 222 ബ്രാഡൊക്ക് അവന്യു, നൂയോർക്ക്, ജൂൺ 17, 2006 ശനിയാഴ്ച്ച സംഘടിപ്പിച്ച ”ഏക ദിന സെമിനാറിൽ“ അവതരിപ്പിച്ചത്)**

# ശുഭം